IV സബ്മിഷൻ

(1) കുഴിക്കാട്ടുകുന്നിൽ–മണ്ണത്തൂർ റോഡ്

ശ്രീ. ബെന്നി ബെഹനാൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തിരുമാറാടി പഞ്ചായത്തിൽ പി. ഡബ്ല്യൂ. ഡി. ഏറെറടുത്ത് ടെൻഡർ ചെയ്ത ഒരു റോഡാണ് കുഴിക്കാട്ട് കുന്നിൽ മണ്ണത്തൂർ റോഡ്. ഇത് കഴിഞ്ഞ കുറെ വർഷങ്ങളായി ടെൻഡർ ചെയ്തിട്ട്. ടെൻഡർ ഏറെറടുത്തശേഷം അതിന്റെ കരാറുകാരൻ ഇട്ടിട്ടുപോയി. വീണ്ടും അതു റീ-ടെൻഡർ ചെയ്തു. മറെറാരു കരാറുകാരൻ പണി ഏറെറടുത്തു. ഇന്നുവരെ അതിന്റെ പണി തുടങ്ങിയിട്ടില്ല. അഞ്ചാറു ടെൻഡർ പൂർത്തീകരിച്ചിട്ടും ആ റോഡിന്റെ പണി നടക്കാതിരിക്കുന്നതിൽ ആ പ്രദേശത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി ആ റോഡിന്റെ പണി തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർക്കുട്ടിനഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കുഴിക്കാട്ട് കുന്നിൽ-മണ്ണത്തൂർ റോഡ് 1979-ൽ ടെൻഡർ വിളിച്ച റോഡാണ്. ആറുലക്ഷത്തിതൊണ്ണൂററിരണ്ടായിരം രൂപയാണ് എസ്റെറിമേറെറ് വച്ചിരുന്നത്. അതിന്റെ 29 ശതമാനത്തിലധികം എസ്റെറിമേറിനും കുറച്ചാണ് കരാറുകാരൻ ഏറെറടുത്തത്. ആ കരാറുകാരൻ ആദായമുള്ള ചില വർക്കുകൾ എടുത്തശേഷം വർക്ക് ഇട്ടിട്ടുപോയി. അതിനുശേഷം അദ്ദേഹത്തെ ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം കോടതിയിൽ പോയി സ്റേറ വാങ്ങുകയും കോടതി അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹം ചെയ്ത വർക്കുകൾ അളവ് എടുത്തതിനുശേഷം മാത്രമെ മറെറാരു കരാറുകാരനെ വർക്കുകൾ ഏല്പിക്കാൻ പാടുള്ളുവെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 84-ൽ രണ്ടാമത് ടെൻഡർ വിളിച്ചെങ്കിലും കോടതിയുടെ അനുമതികിട്ടാൻ താമസിച്ചതിനാൽ 10-9-1986-ൽ മറെറാരുകരാറുകാരനെ മാത്രമെ എഗ്രിമെൻറ് വയ്ക്കുവാൻ സാധിച്ചുള്ളു. അതു ഹൈക്കോടതിയുടെ സമ്മതത്തോടുകൂടിയാണ് ചെയ്തിട്ടുള്ളത്. 13-10-1986 ൽ കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട്. അദ്ദേഹം ഉടനെ പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) പാലക്കാട് ജില്ലയിലെ വരൾച്ച

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ഞാൻ പാലക്കാട് ചില മണ്ഡലങ്ങൾ സന്ദർശിച്ചു. വളരെ ഗുരുതരമായ വരൾച്ചയുടെ പ്രശ്നം അവിടെ ഉണ്ടായതായി നേരിട്ടുകാണാനിടയായി. നമ്മുടെ റവന്യൂ വകുപ്പുമന്ത്രി ഇതിനിടെ പാലക്കാട്ടുപോയി ഒരു സമ്മേളനം വിളിച്ചുകൂട്ടി. എം. പി. മാരും എം. എൽ. എ മാരും ആ സമ്മേളനത്തിൽ ഈ പ്രശ്നം ചർച്ച ചെയ്തു. എന്നിട്ട് അവസാനം സമ്മേളനത്തിൽ പങ്കെടുത്ത ചില ഉത്തരവാദപ്പെട്ട ആളുകളിൽനിന്നും എനിക്കറിയാൻ കഴിഞ്ഞത് സമ്മേളനത്തിന്റെ സമാപ്തിയിൽ, ഞാൻ നിങ്ങളുടെ പരാതികൾ കേൾക്കാൻ വന്നതാണ് ഒന്നും തീരുമാനിക്കാനും തരാനും വന്നതല്ല എന്ന് ശ്രീ. ജോസഫ് സംസാരിച്ചതായിട്ടാണ്, ആ സമ്മേളനത്തിൽ പങ്കെടുത്ത എം. എൽ. എ. മാരിൽ നിന്നും എം. പി. മാരിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഇതാണ്. എന്തായാലും അവിടത്തെ സ്ഥിതി വളരെ ഗുരുതരമാണ്. വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചു എന്നാൽ ആ ഗ്രാമങ്ങളിൽ ഇന്നും, കുടിവെള്ളം കിട്ടാനില്ലാ കൃഷിക്കും വെള്ളം കിട്ടുന്നില്ല, മലമ്പുഴ പഞ്ചായത്തിലെ കാരക്കാട്, കുനുപ്പുള്ളി, വിളയിൽപ്പാറ അരയിക്കോട്, കുറിക്കാട് എന്നീ സ്ഥലങ്ങൾ ഒറെറപ്പെട്ട ഒരു ദ്വീപ് പോലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശമാണ്. 200 കുടുംബങ്ങളുള്ളതിൽ 90 ശതമാനവും കർഷക തൊഴിലാളികളും ഹരിജനങ്ങളുമാണ്. വേനൽക്കാലത്ത് ഇവർക്ക് കുടിവെള്ളം പോലും കിട്ടുന്നില്ല. ഈ പഞ്ചായത്തുകളിൽ മുൻപ് പണിത കിണറുകൾ ഉടഞ്ഞ് തകർന്ന് കിടക്കുകയാണ്. വെള്ളമില്ല. അടുപ്പുള്ളം പമ്പാപ്പുള്ളം പ്രദേശത്തും ശുദ്ധജലം കിട്ടുന്നില്ല. ഒന്നുവർഷം മുമ്പ് വാട്ടർ സപ്ലൈ സ്കീമിൽ പൈപ്പിട്ടു. ഈ പൈപ്പിലും വെള്ളം തീരെയില്ല. പുതുശ്ശേരി ഈസ്റ്റ്, കൊണ്ടോപ്പാറ എന്നിവിടങ്ങളിലെ സ്ഥിതി ഇതിലും വിഷമമാണ്. വാളയാറിലെ ലക്ഷം വീട് കോളനികളിലെ നിവാസികൾക്ക് ഒരു വാട്ടർ ടാപ്പ് പോലുമില്ല. ശ്രീ. കരുണാകരനാണല്ലോ ഹരിജനങ്ങളുടെ പദ്ധതികൾ കൈകാര്യം ചെയ്യുന്നത്. പുതുശ്ശേരി ചുള്ളിമട ഭാഗത്തും വെള്ളമില്ല. വരൾച്ചകാരണം കിണറുകൾ വറ്റി. ആയിരം പേർ താമസിക്കുന്ന സ്ഥലത്ത് മൂന്നു പൊതു കിണറുകൾ. മാത്രമാണുള്ളത്. അത് തന്നെ ഉപയോഗശൂന്യമാണ്. രണ്ടു കിണറുകൾ വറ്റിവരണ്ടു കിടക്കുന്നു. കൃഷി മുഴുവൻ ഉണങ്ങിക്കൊണ്ടിരിക്കുന്നു. വാളയാർ ഡാമിൽ വെള്ളമില്ല. ധാരാളം വെള്ളമുള്ള ആളയാർ ഡാമിൽനിന്നും വാളയാറിൽ വെള്ളം എത്തിക്കാൻ ഒരു പദ്ധതിക്ക് മുൻപ് ആലോചനയുണ്ടായിരുന്നു. അത് ഇപ്പോൾ ഉപേക്ഷിച്ചിരിക്കുകയാണ്. ചെരോളി ഗ്രാമത്തിൽ 200-ൽ പരം കോളി തൊഴിലാളികളുണ്ട്. സാമൂഹ്യ ജലസേചന പദ്ധതിയെന്ന് ഒന്ന് ഉണ്ടോ ? ഈ പദ്ധതിയിൽ തങ്ങളെക്കൂടി ഉൾപ്പെടുത്താനായി അപേക്ഷയുമായി വളരെ ആളുകൾ ചെന്നു. എന്നാൽ സമയം കഴിഞ്ഞെന്ന് പറഞ്ഞ് അവരെ തിരിച്ചയച്ച ഒരു സ്ഥിതി വിശേഷമാണുണ്ടായത്. കൂടാതെ പുതുശ്ശേരി പഞ്ചായത്തിലെ 10-ാം വാർഡിൽ മൂന്നു വർഷമായി മഴയുടെ കുറവുകാരണം കൃഷി നശിച്ചു. ജനങ്ങൾക്ക് വേണ്ടത്ര കുടിവെള്ളം പോലും കിട്ടുന്നില്ല. കരിയാർകുറ്റി, കാരപ്പാറ പദ്ധതി, സൈലൻറ് വാലി, അട്ടപ്പാടി പദ്ധതികളെല്ലാം തന്നെ ഇപ്പോൾ പ്രവർത്തനം നിർത്തി വച്ച് ഉപേക്ഷിക്കുകയോ മറ്റോ ചെയ്തു. പത്തു പന്ത്രണ്ട് കോടി ഉറുപ്പിക ചെലവാക്കി ആ പണം വെറുതെ മണ്ണിലിട്ടു. കേരള ഭവാനി, തുപ്പനാട് പാലക്കുഴി, വാഴപ്പുള്ളം തുടങ്ങിയ പദ്ധതികൾക്ക് സർവ്വേ ചെയ്തെങ്കിലും പിന്നീട് ഒന്നും ചെയ്തില്ല. മംഗലം ഡാം പത്തടിവരെ ഉയർത്താൻ സ്കീമുണ്ടായി എങ്കിലും ഒന്നും ചെയ്തില്ല. മലംപുഴ തടാകത്തിലെയും പോഷകനദികളിലെയും കൈയേറ്റത്തിന്റെ ഫലമായി തടാകത്തിൽ കൃഷിയാണ് ഇപ്പോൾ നടക്കുന്നത്. സൂക്ഷ്മമായി ജലം സംഭരിച്ച് ക്രമമായി ജലം വിതരണം ചെയ്യുന്നില്ല. ജലസംഭരണിയിൽ ആവശ്യമായ വെള്ളമില്ല. ആവശ്യമായ മഴ കിട്ടാത്തതാണ് അതിന് പ്രധാനമായ കാരണം എന്നായിരിക്കും മറുപടി. അത് ശരിയല്ല. ഇത്രപോലും മഴകിട്ടാത്ത പാമ്പിക്കുളം റിസർവോയറിൽ ആണകെട്ടുനിരപ്പോളം വെള്ളം തുളുമ്പി നിൽക്കുന്നു ചിറ്റൂർ പുഴയിൽകൂടി ആ വെള്ളം ഭാരതപ്പുഴയിൽ എത്തുകയും ചെയ്യുന്നു. വരൾച്ചകൊണ്ടും, പട്ടിണികൊണ്ടും ജനങ്ങൾ കഷ്ടപ്പെടുകയാണ്. ലക്ഷം വീടു പദ്ധതിയിൽ ഒരു ടാപ്പുപോലുമില്ല. ഞാൻ ആ സ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെ വെള്ളം കിട്ടാത്ത ഒരു സാഹചര്യം നിലനിൽക്കുന്നതായി എനിക്ക് മനസ്സിലാക്കാൻ കഴിയുകയുണ്ടായി. അങ്ങനെയുള്ള വരൾച്ച ബാധിത പ്രദേശങ്ങൾക്ക് കുടിവെള്ളം കൊടുക്കാനും, ജലസേചന സൗകര്യം ഏർപ്പെടുത്താനുമുള്ള നടപടി അടിയന്തിരമായി എടുക്കണം. ഇത് ഞാൻ പറയാൻ കാരണം, കഴിഞ്ഞ തവണ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ആ സ്ഥലം സന്ദർശിച്ചതാണ്. എന്നാൽ മൂന്നുവർഷം കഴിഞ്ഞിട്ടും പാവപ്പെട്ട ധോണിയിലെ ആദിവാസികൾക്ക് ഭൂമിയില്ല എന്നൊക്കെ പറഞ്ഞ് അതിനുവേണ്ടി യാതൊരു നടപടിയും ഇതുവരെ എടുത്തിട്ടില്ല. അങ്ങനെ കുടിവെള്ളമില്ല, ജലസേചന പദ്ധതിയില്ല. ഇങ്ങനെ നമ്മുടെ രാജ്യത്തിന്റെ ഈ ശോചനീയമായ സ്ഥിതിയിൽ ഒരു മാറ്റം വരുത്താനാവശ്യമായ നടപടി സ്വീകരിക്കാൻ ഞാൻ ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യു വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : പാലക്കാട് ജില്ലയിൽ 113 വില്ലേജുകളാണ് വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ 13 വില്ലേജുകളും മലമ്പുഴ നിയോജകമണ്ഡലത്തിലാണ്; 8 പഞ്ചായത്തുകളിലായി കുടിവെള്ളം ആവശ്യപ്പെട്ട സ്ഥലങ്ങളിലെല്ലാം വാഹനങ്ങളും മുഖേന എത്തിച്ചുകൊണ്ടിരുന്നു. ഇപ്പോഴും ഈ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കുറെ മഴ ലഭിച്ചതിനെ തുടർന്ന് വെള്ളം ഇപ്പോഴും അങ്ങനെ വിതരണം ചെയ്യണമെന്നുള്ള ആവശ്യമില്ല. സർ, എങ്കിലും വരൾച്ചയുടെ കെടുതിയിൽ നിന്നും ആ പ്രദേശം രക്ഷപ്പെട്ടിട്ടില്ല. ആർ. ആർ. നടപടികളും 1986 ഡിസംബർ മാസം വരെ നിർത്തലാക്കിയിട്ടുണ്ട്. ബാങ്കുകൾക്കും, ബാങ്ക് വായ്പകൾക്കും ഇൻഷ്വറൻസ് ഫെസിലിറ്റീസ് കൊടുത്തിരിക്കുകയാണ്. എല്ലാ ഉദ്യോഗസ്ഥൻമാരോടും ഈ റവന്യൂ റെക്കവറി നടപടികളും നിർത്തി വയ്ക്കണമെന്ന് പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ട്. മിക്കവാറും എല്ലാ ധനകാര്യ സ്ഥാപനങ്ങളും അത് സമ്മതിച്ചു കഴിഞ്ഞു. ആ പ്രദേശങ്ങളിലുള്ള ആളുകൾക്ക് കുറെ സമയത്തേക്ക് ഫ്രീ റേഷൻ കൊടുക്കാനും, വസ്ത്രങ്ങൾ കൊടുക്കാനുമുള്ള ഏർപ്പാടുകളും ചെയ്തിരുന്നു. വാട്ടർ സെസ്സിനുള്ള പിരിവും നിർത്തി വച്ചിട്ടുണ്ട്. റിസർവ്വോയറിൽ വെള്ളമില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഈ പ്രത്യേക പരിതഃസ്ഥിതിയിൽ ഈ ഗവൺമെൻറിന് ചെയ്യാൻ കഴിയുന്ന ചില കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ പുതുശ്ശേരി പഞ്ചായത്തിലേക്ക് എക്സ്റ്റെൻറ് ചെയ്തു. അതുപോലെ ചന്ദ്രപുരം, തെനേരി, കല്ലേപ്പുള്ളി എന്നീ സ്ഥലങ്ങളിൽ ട്യൂബ് കിണറുകളും കുഴിച്ച് ആവശ്യമായ വാട്ടർ സപ്ലൈ നടത്തുന്നുണ്ട്. അതിനാവശ്യമായ അടിയന്തിര സഹായങ്ങളൊക്കെ ചെയ്തിട്ടുമുണ്ട്. വരൾച്ച ബാധിത പ്രദേശത്തിന് കിട്ടേണ്ട സഹായത്തെ സംബന്ധിച്ച് അവ ''ഡ്രൗട്ട് പ്രോൺ'' (drought prone) ഏരിയയായി പ്രഖ്യാപിച്ച് സഹായം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൂടാതെ പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം ഉണ്ടായ രൂക്ഷമായ വരൾച്ചയിൽ കൃഷിക്കാർക്ക് കിട്ടേണ്ട മുഖ്യമായ സഹായം കോപ്പ് ഇൻഷ്വറൻസിൽ നിന്നുള്ള സഹായമാണ്. അങ്ങനെ അൻപത് ശതമാനത്തിലേറെ വിള നാശമുണ്ടായിട്ടുണ്ട് എന്നുള്ള സ്ഥിതി വിശേഷമെടുത്താൽ കൃഷിക്കാരെ ഗണ്യമായി സഹായിക്കാനും, അതിനുള്ള വായ്പ ഗണ്യമായി എഴുതിതള്ളാനും കഴിയും. അതിനുള്ള നടപടി ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(3) സരസൻ സംഭവം

ശ്രീ. ബേബിജോൺ : എല്ലാവരും പറയുന്നതുപോലെ നമ്മുടെ രാഷ്ട്രീയ രംഗത്ത് വളരെ കോളിളക്കം ഉണ്ടായ സംഭവത്തെ സംബന്ധിച്ച് അതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിന് അങ്ങയുടേയും, സഭയുടേയും ശ്രദ്ധയിൽ കൊണ്ടു വരാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഞാൻ ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് തരാൻ അങ്ങയോട് അനുവാദം ചോദിച്ചതാണ്. അങ്ങ് അത് വേണ്ടാ എന്ന് ഉപദേശിച്ചതുകൊണ്ടാണ് ഞാൻ അതിന്റെ പ്രാധാന്യം കുറച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. 1981 ജനുവരി 5-ാം തീയതി ചവറയിൽ സരസൻ എന്ന് പറയുന്ന ഒരു ചെറുപ്പക്കാരനെ കാണാതായി. അദ്ദേഹം ഞങ്ങളുടെ പാർട്ടിയിലെ ഒരംഗമായിരുന്നു. പിന്നീട് അദ്ദേഹം കോൺഗ്രസ് ഐ-യിലും ഐ. എൻ. ടി. യു. സി. യിലും ചേർന്നു. അദ്ദേഹത്തിന്റെ വിവാഹനിശ്ചയത്തിനു ശേഷമാണ് അദ്ദേഹത്തെ കാണാതെപോയത്. ഇടതുപക്ഷ ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly